"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലമുള്ള പുനരധിവാസ പ്രവർത്തനങ്ങളും, തീരസംരക്ഷണ പ്രവർത്തനങ്ങളും മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി - രൂപീകരിച്ച് - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.580/2023/F&P തീയതി,തിരുവനന്തപുരം, 15-07-2023

---

പരാമർശം:- 1. 03-11-2020 തീയതിയിലെ സ.ഉ.(സാധാ) നം. 641/2020/മതുവ

2. സ.ഉ.(സാധാ) നം.631/2022/മ.തു.വ., തീയതി. 06-10-2022.

3. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-12-2022, 27-02-2023 എന്നീ തീയതികളിൽ കൂടിയ യോഗനടപടികുറിപ്പ്.

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പാരമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു.

2 . വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത് നടന്നുവന്നിരുന്ന സമരത്തിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള പുരോഗതി വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-12-2022 തീയതിയിൽ ചേർന്ന യോഗത്തിൽ, വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുവാനായി ജില്ലാതല സമിതി രൂപീകരിച്ചിട്ടുള്ളതിനാൽ, അതും തീരസംരക്ഷണ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയും, തുറമുഖ വകുപ്പ് സെക്രട്ടറിയും ചേർന്ന് മേൽനോട്ടം വഹിക്കുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-02-2023 തീയതിയിൽ ചേർന്ന യോഗത്തിൽ. സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയിൽ ഫിഷറീസ് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന തീരുമാനിച്ചിരുന്നു.

3 . ഈ സാഹചര്യത്തിൽ, വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലമുള്ള പുനരധിവാസ പ്രവർത്തനങ്ങളും, തീരസംരക്ഷണ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുവാനായി ചീഫ് സെക്രട്ടറി, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്/തുറമുഖ വകുപ്പ്/തദ്ദേശ സ്വയംഭരണ വകുപ്പ്.
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാണഷൽ സീപോർട്ട് ലിമിറ്റഡ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്